**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരിൽനിന്നും പഴം, പച്ചക്കറി എന്നിവ സംഭരിച്ച ഇനത്തിൽ നൽകുവാനുള്ള തുക വളരെക്കാലമായി കുടിശ്ശികയായിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2019-ലെ പ്രളയ കാലത്തും, 2020-ലെ കോവിഡ് മഹാമാരി കാലത്തും ഹോർട്ടികോർപ്പിന്റെ വില്പനയിൽ ഗണ്യമായ കുറവ് വന്നതുകൊണ്ട് കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നതിനാലാണ് കർഷകരിൽ നിന്നും സംഭരിച്ച ഉൽപന്നങ്ങളുടെ തുക യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നത്. നിലവിൽ പഴയ കുടിശ്ശിക നല്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അപ്രകാരം കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | 2019-ലെ പ്രളയ കാലത്തും, 2020-ലെ കോവിഡ് മഹാമാരി കാലത്തും ഹോർട്ടികോർപ്പിന്റെ വില്പനയിൽ ഗണ്യമായ കുറവ് വന്നതുകൊണ്ട് കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നതിനാലാണ് കർഷകരിൽ നിന്നും സംഭരിച്ച ഉൽപന്നങ്ങളുടെ തുക യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നത്. നിലവിൽ പഴയ കുടിശ്ശിക നല്കിയിട്ടുണ്ട്. |
| (സി) | ഇടുക്കി ജില്ലയിൽ ഈ ഇനത്തിൽ കർഷക കൂട്ടായ്മകൾക്കും മറ്റുമായി എത്ര തുക നൽകാനുണ്ടെന്ന് അറിയിക്കാമോ; | (സി) | 22/08/2022 ലെ കണക്ക് പ്രകാരം ഇടുക്കി ജില്ലയിലെ കർഷക കൂട്ടായ്മകൾക്ക് Rs.46,92,315/- രൂപയാണ് കുടിശ്ശിക ഉള്ളത്. |
| (ഡി) | പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ